[ശ്രീ. കെ. എം. ജോർജ്ജ്]: അങ്ങിനെയല്ല അന്നത്തെ ഒത്തുതീർപ്പിൽ പറഞ്ഞത്. ക്രിമിനൽ കേസുകളും വസ്തുക്കൾക്ക് നാശനഷ്ടങ്ങൾ വന്നിട്ടുള്ള കേസുകളും പിൻവലിക്കേണ്ടയെന്ന് മറുഭാഗത്തുള്ളവർ സമ്മതിച്ചിട്ടുള്ളതാണ്. പിന്നെ ചെറിയ ചെറിയ കേസുകൾ കോടതിയുടെ മുമ്പാകെ ഇരിക്കുന്നതു കൊണ്ട് അത് പിൻവലിക്കാനുള്ള അവകാശം ഗവൺമെൻറിനില്ല. കോടതിയിൽ ഇരിക്കുന്ന കേസുകൾ ഗവൺമെൻറിന് പിൻവലിക്കാൻ പാടില്ലെന്ന് ഹൈക്കോടതിയിൽനിന്നും വിധിയുണ്ടായിട്ടുണ്ട്.

[ശ്രീ. കെ. കെ. അബു]: ചെറിയ ചെറിയ കേസുകൾ പിൻവലിക്കുമോ?

[ശ്രീ. കെ. എം. ജോർജ്ജ്]: ഓരോകേസിൻെറയും ഗുണദോഷങ്ങളനുസരിച്ച് കോടതി തീരുമാനിക്കും.

കുടികിടപ്പുകാരുടെ പേരിൽ രജിസ്റ്റർചെയ്ത കേസുകൾ

* 157 [566] [ശ്രീ. പി. കുഞ്ഞൻ]:
,, എ. പി. കുര്യൻ
,, എം. കെ. എ. ഹമീദ്
,, പി. കെ. കുഞ്ഞച്ചൻ
,, വി. എസ്. അച്ചുതാനന്ദൻ
,, എസ്. ദാമോദരൻ
,, പി. പി. കൃഷ്ണൻ
,, എ. എസ്. പുരുഷോത്തമൻ
,, സി. കെ. ബാലകൃഷ്ണൻ
,, കെ. ഐ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഓരോ ജില്ലയിലും കുടികിടപ്പുകാരുടെ പേരിൽ എത്ര കേസുവീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) കുടിലുകൾ പൊളിച്ചുകളഞ്ഞതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ;

(സി.) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത കേസിനോടനുബന്ധിച്ച് ഏതെങ്കിലും ജൻമിമാർക്കെതിരായി നടപടികളെടുത്തിട്ടുണ്ടോ;

(ഈ) ഇതിനെക്കുറിച്ചുള്ള ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ വ്യക്തമാക്കാമോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ): (എ, ബി, സി., ഡി. ഇ) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

[ശ്രീ. പി. കുഞ്ഞൻ]: ഇതിനുമുമ്പു ഇത്തരം കേസുകളെ സംബന്ധിച്ച് ഈ സഭയിൽത്തന്നെ വളരെയധികം വാദപ്രതിവാദങ്ങൾ നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയുള്ള ഒരു കാര്യത്തെസംബന്ധിച്ച് വിവരം ശേഖരിക്കാൻ എന്താണ് കാലതാമസം?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇത് ഓരോ സ്ഥലത്തും ഓരോ പ്രദേശങ്ങളിലും നടന്ന കേസുകളെപ്പറ്റിയാണ്. അങ്ങനെയുള്ള ഒരു കാര്യത്തെപ്പറ്റി വിവരം ശേഖരിച്ചു ഇവിടെ കൊണ്ടുവരാനുള്ള കാലതാമസമാണുള്ളത്. വിവരം ശേഖരിക്കുക എന്നുള്ളത് സാധാരണ ഇവിടെ പതിവുള്ളതാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഏതെങ്കിലും ജില്ലകളിൽ നിന്നുള്ള വിവരം കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇല്ല. സാധാരണ എല്ലാ ജില്ലകളെപ്പറ്റിയും ചോദിക്കുമ്പോൾ ഒരു ജില്ലയുടെ മാത്രം വിവരം ശേഖരിച്ച് പറയുകയില്ല.

ശ്രീ. എ. വി. ആര്യൻ: എല്ലാ കാര്യങ്ങളെസംബന്ധിച്ചും പത്തു ദിവസത്തിനുമുമ്പു ചോദ്യം എഴുതി അയക്കുന്നതാണ്. അതിൽ ഈ ചോദ്യത്തിലെ 'ബി'യിൽ പറയുന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ എന്നുള്ളതിനെപ്പോലും വിവരം ലഭിച്ചിട്ടില്ലെന്നു പറയുന്നത് ശരിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ സംസ്ഥാനത്തിൽ പാറശാല മുതൽ മഞ്ചേശ്വരം വരയെുള്ള പ്രദേശത്തുനിന്നും എല്ലാ വിവരങ്ങളും ശേഖരിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. വിവരങ്ങൾ ശേഖരിച്ചാൽ ഉടൻതന്നെ അത് എല്ലാവർക്കും കൊടുക്കുന്നതാണ്. അല്ലാതെ വിവരങ്ങൾ ശേഖരിക്കുന്നതിലും അതു പറയുന്നതിലും നിന്നു ഒരിക്കലും ഒഴിഞ്ഞു മാറുകയില്ല. ഇതിനു മുമ്പും വിവരങ്ങൾ ശേഖരിച്ചു കിട്ടാത്ത ചോദ്യങ്ങൾക്കുത്തരമായി വിവരം ശേഖരിച്ചു വരുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. അല്ലാതെ ഇപ്പോൾ പുത്തനായിട്ടൊന്നും പറയുന്നതല്ല.

ശ്രീമതി കെ. ആർ. ഗൗരി: ഈ ചോദ്യത്തിൽ 'ബി' യിൽ പറയുന്നത് ''കുടിലുകൾ പൊളിച്ചുകളഞ്ഞതായിട്ടുള്ള പരാതി ലഭിച്ചിട്ടുണ്ടോ'' എന്നാണ്. അതിനുള്ള വിവരം ശേഖരിക്കുന്നതിന് ഒരിടത്തും പോകേണ്ട ആവശ്യമില്ലെല്ലോ? അതിനുള്ള വിവരമെങ്കിലും പറയുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് ഗവൺമെൻറിലേക്ക് ലഭിച്ചിട്ടുള്ള പരാതികളല്ല പോലീസ് സ്റ്റേഷനിലേക്ക് ലഭിച്ച പരാതികളെപ്പറ്റിയാണെന്ന് അതിനടുത്ത 'സി' വായിച്ചുനോക്കിയാൽ മനസിലാകുന്നതാണ്.

ശ്രീമതി. കെ. ആർ. ഗൗരി: ഇതിൽ ബി യിൽ കുടിലുകൾ പൊളിച്ചു കളഞ്ഞതായ പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നാണ് ചോദിച്ചിരിക്കുന്നത്? അത് ഗവൺമെൻറിലേക്ക് ലഭിക്കുന്ന പരിതികളെപ്പറ്റിയാണ്. അല്ലാതെ പോലീസു സ്റ്റേഷനിലേക്ക് ലഭിക്കുന്ന പരാതികളെപ്പറ്റിയല്ല എന്നറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെയല്ല ഗവൺമെൻറിൽ നിന്നും മനസിലാക്കിയിട്ടുള്ളത്. കുടിലുകൾ പൊളിച്ച് കളഞ്ഞതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ എന്ന് ബി യിൽ ചോദിച്ചിരിക്കുകയും, അതിനു താഴെയുള്ളള സി യിൽ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് ചോദിച്ചിരിക്കുകയുമാണ്. ആ നിലയ്ക്ക് സാമാന്യ ബുദ്ധിയനുസരിച്ച് പരാതികൾ ഗവൺമെൻറിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയിട്ടുണ്ട് എന്നല്ല പോലീസ് സ്റ്റേഷനിലേക്ക് കിട്ടിയിട്ടുണ്ടോയെന്ന് മനസിലാക്കാവുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഇതിന് 117(എ) പ്രകാരം ആർ. ഡി. ഓ. യാണ് കേസ് എടുക്കേണ്ടത്. അതുകൊണ്ട് കുടിലുകൾ പൊളിച്ചു കളഞ്ഞതിനെപ്പറ്റി പരാതി കിട്ടിയിട്ടുണ്ടോയെന്ന് ചോദിച്ചാൽ അത് ഇവൈഡ് ചെയ്യുന്നതിൽ അർത്ഥമില്ല.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇവൈഡ് ചെയ്യുകയൊന്നുമല്ല. ഈ ചോദ്യം മുഴുവനും വായിക്കുമ്പോൾ ബി യിൽ ഉദ്ദേശിച്ചിരിക്കുന്നത് പോലീസ് സ്റ്റേഷനിൽ പരാതി കിട്ടിയിട്ടുണ്ടോയെന്നാണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാം. മറിച്ചാണ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഉത്തരം തരുമായിരുന്നു.

മി. സ്പീക്കർ: കൈവശം വിവരം ഇല്ലാത്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വിവരം ശേഖരിച്ചു വരുന്നുവെന്നാണ് പറയുന്നത്. അതുപോലെ ഈ ചോദ്യത്തിലും വിവരം ശേഖരിച്ചു വരുന്നുവെന്നു അദ്ദേഹം പറഞ്ഞു. ഇനി അതിനെപ്പറ്റി കൂടുതൽ ചോദ്യങ്ങൾ ചോദിക്കേണ്ടാ.

ശ്രീമതി കെ. ആർ. ഗൗരി: സെക്രട്ടേറിയേറ്റിൽനിന്നും കിട്ടാനുള്ള വിവരം പത്തുദിവസത്തിനകം കിട്ടുന്നതിന് പ്രയാസം ഉണ്ടോ? അത് ലഭിക്കുന്നതിനുള്ള ഏർപ്പാട് ചെയ്തില്ലെങ്കിൽ എല്ലാത്തിനും വിവരം ഇല്ല, വിവരം ഇല്ല എന്ന് പറയേണ്ടി വരും.

മി. സ്പീക്കർ: ഇതിനുമുമ്പും എപ്പോ ചോദ്യങ്ങൾക്കും ഉത്തരം പറഞ്ഞിട്ടില്ല. ഗവൺമെൻറിന് വിവരം ശേഖരിക്കാൻ കാലതാമസം ഉള്ളതിനു വിവരം ശേഖരിച്ചു വരുന്നുവെന്നു സാധാരണ പറയാറുണ്ട്. ഈ ചോദ്യത്തിനെസംബന്ധിച്ചുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ കൈവശം കിട്ടിയിട്ടില്ല. അതുകൊണ്ടാണ് വിവരം ശേഖരിച്ചു വരുന്നുവെന്ന് ഉത്തരം പറഞ്ഞത്. മുമ്പും ഇപ്പോഴും തമ്മിൽ ഒരു വ്യത്യാസവും ഉണ്ടായിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി: വ്യത്യാസം ഉണ്ടായിട്ടില്ലെന്ന് പറയുന്നതുകൊണ്ട് ഞാൻ അങ്ങയുടെ ശ്രദ്ധയിൽ ഒരു കാര്യംപ്പെടുത്താനാഗ്രഹിക്കുകയാണ്. കഴിഞ്ഞ മന്ത്രിസഭാകാലത്തു സെക്രട്ടറിയേറ്റിൽ നിന്നും കളക്ടു ചെയ്യുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങ് ഞങ്ങൾക്ക് ഒരു നിർദ്ദേശം തന്നിട്ടുണ്ടായിരുന്നു. അക്കാര്യം അങ്ങ് മറന്നു പോയോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഗൗരിയമ്മയും ഞാനും കൂടി ഇക്കാര്യത്തെസംബന്ധിച്ച് ഒരു വാദപ്രതിവാദം നടത്താൻ ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുന്നില്ല. ഏതായാലും സെക്രട്ടറിയേറ്റിൽനിന്നും അതാതു സമയത്ത് കൃത്യസമയത്ത് ഉത്തരം കിട്ടുന്നതിന് ആവശ്യമായ നിർദ്ദേശം കൊടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും, മറ്റു മന്ത്രിമാർക്കും അയച്ചിട്ടുണ്ട്. അതനുസരിച്ച് പത്തുദിവസത്തിനകം ഉത്തരം തരണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അക്കാലത്തും എന്റെ കൈയിൽ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം കിട്ടുകയില്ല. ഒന്നോ രണ്ടോ ചോദ്യങ്ങൾക്കുള്ള ഉത്തരം തലേദിവസം വൈകുന്നേരം കിട്ടും. ഇന്നും ആകെ 28 ചോദ്യമുള്ളതിൽ ഒരൊറ്റ ചോദ്യത്തിനുള്ള ഉത്തരം മാത്രമാണ് എന്റെ കൈയിൽ കിട്ടിയിട്ടുള്ളത്. അന്നും ഇന്നും തമ്മിൽ യാതൊരു വ്യത്യാസവും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. അന്നും ഇന്നും വളരെ കഠിനമായിട്ടുതന്നെ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരോടു പറയുകയാണ് പത്തുദിവസത്തിനകം ഉത്തരം കിട്ടാൻവേണ്ടി ശ്രമിക്കണമെന്ന്. ഇത് ആരുടെയെങ്കിലും സാമർത്ഥ്യമോ സാമർത്ഥ്യക്കുറവോ അല്ല. ഞാൻ അടുത്ത ചോദ്യത്തിലേക്ക് പോകുകയാണ്. അല്ല ചോദ്യോത്തരസമയം അവസാനിച്ചിരിക്കുന്നു.

ശ്രീ. പി. കുഞ്ഞൻ: ഈ ചോദ്യത്തിന്റെ ബി യ്ക്കും ഉത്തരം പറയേണ്ട കാര്യങ്ങളെ സംബന്ധിച്ച് ഉള്ള ഹർജ്ജിയുടെ കോപ്പികൾ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അയച്ചിട്ടുണ്ട്. അതുകൊണ്ട് അതിനെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ച് ഉത്തരം പറയാത്തത് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. അതിനെസംബന്ധിച്ചിടത്തോളം മറുപടി പറയാത്തത് വളരെയധികം ഖേദകരമാണ്.

ശ്രീ. കെ. ജി. നീലകണ്ഠൻനമ്പൂതിരിപ്പാട്: സർ, ഈ ചോദ്യത്തിൽ 'എ' യ്ക്കുള്ള ഉത്തരം ഈ ഗവൺമെന്റിന് പറയാൻ സാധിക്കുമെന്നു തോന്നുന്നില്ല.

(ഈ സമയം പ്രതിപക്ഷത്തുള്ളവർ എല്ലാം എഴുന്നേറ്റുനിന്നുകൊണ്ട് എന്തോ വിളിച്ചു പറയുകയുണ്ടായി)

മി. സ്പീക്കർ: ഇതിനെസംബന്ധിച്ചുള്ള വാദപ്രതിവാദം അവസാനിച്ചിരിക്കുകയാണ്. മിസ്റ്റർ കുഞ്ഞൻ ദയവായി അവിടെയിരിക്കണം. അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും ഇങ്ങനെ ബഹളം തുടങ്ങുന്നത് ശരിയല്ല.

WRITTEN ANSWER

തൊണ്ടിന്റെ വില

* 158 [70] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ;

(എ) അഴുകിയ തൊണ്ടിന്റെ വിലനിയന്ത്രിക്കുകയും പച്ചത്തൊണ്ടിന്റെ വില നിയന്ത്രിക്കാതിരിക്കുകയും ചെയ്യുന്നതുമൂലം കയർവ്യവസായ തൊഴിലാളികൾക്ക് നേരിടുന്ന ദുരിതങ്ങൾ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കുവാനായി പച്ചത്തൊണ്ടിന്റെ വില നിയന്ത്രിക്കുവാൻ തയ്യാറാകുമോ?

വ്യവസായവും തൊഴിലുംമന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) ഉണ്ട്.

(ബി) കേന്ദ്രഗവൺമെന്റ് 1968-ൽ പുറപ്പെടുവിച്ച കയർ റെറിംഗ് ലൈസൻസിംഗ് ഓർഡർ പ്രകാരം പച്ചത്തൊണ്ടിന്റെ വില നിയന്ത്രിക്കുവാൻ വ്യവസ്ഥയില്ല. അഴുക്കു തൊണ്ടിന്റെ വിലനിയന്ത്രണംകൊണ്ടുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ പച്ചതൊണ്ടിന്റെ വില നിയന്ത്രിക്കുന്ന കാര്യം പരിഗണിക്കാമെന്നാണ് ഇൻഡ്യാ ഗവൺമെന്റ് അറിയിച്ചത്. അഴുക്കു തൊണ്ടിന്റെമാത്രം വിലനിയന്ത്രണംകൊണ്ട് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടു പരിഹരിക്കുന്നതിനുവേണ്ടി പച്ചത്തൊണ്ടിന്റെ വിലകൂടി നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ കയർ റെറിംഗ് ലൈസൻസിംഗ് ഓർഡറിൽ ഉൾപ്പെടുത്തുവാൻ കേന്ദ്രഗവൺമെന്റിനോട് അപേക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly